**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5708** **08-07-2024 - ൽ മറുപടിയ്ക്ക്**

**ജീവിതശൈലീ രോഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങളെയും കാൻസറിനേയും തുടക്കത്തിൽ തന്നെ കണ്ടെത്തി ചികിത്സിക്കുന്നതിനായി പ്രത്യേക കാമ്പയിൻ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | നവകേരളാ കർമ്മ പദ്ധതി രണ്ടിന്റെ ഭാഗമായി വാർഷിക ആരോഗ്യ സർവ്വേ എന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലീ രോഗ നിർണ്ണയ സർവ്വേ ആരംഭിക്കുകയും "അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്" എന്ന പേരിലുള്ള ആരോഗ്യവകുപ്പിന്റെ ഈ ക്യാമ്പയിന്റെ അടിസ്ഥാനത്തിൽ 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടെയും കാൻസർ ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങൾ ഈ പദ്ധതിയിലൂടെ കണ്ടെത്തുന്നതിനും കഴിയുന്നു. ഇ-ഹെൽത്ത് തയ്യാറാക്കിയ 'ശൈലി' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ ആശാ പ്രവർത്തകർ ഗൃഹസന്ദർശനം നടത്തി രോഗസാധ്യതയുള്ളവരെ കണ്ടെത്തി ആരോഗ്യകേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുന്നതിനും ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നു.<br><br>കേരളത്തിലെ കാൻസർ പ്രതിരോധത്തിലും കാൻസർ നിയന്ത്രണത്തിനും കേരള സർക്കാരിന്റെ ശ്രമങ്ങൾക്ക് മാർഗ്ഗനിർദേശം നൽകുന്നതിനും വർദ്ധിച്ചുവരുന്ന കാൻസർ രോഗവും ഇത് പരിഹരിക്കേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്തും ലോകാരോഗ്യ സംഘടനയുമായും സംസ്ഥാനത്തെ വിദഗ്ധരുമായും സഹകരിച്ച് "കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി" വികസിപ്പിച്ചെടുത്തിട്ടുണ്ട്. മലബാർ കാൻസർ സെന്റർ -പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആൻഡ് റിസർച്ച് കേരള കാൻസർ കണ്ട്രോൾ സ്ട്രാറ്റജി പ്രകാരം വികേന്ദ്രീകൃത അർബുദ രോഗനിർണയത്തിനു വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള കാൻസർ കെയർ ബോർഡിന്റെ നിർദേശങ്ങൾക്കനുസരിച്ച് നടത്തി വരികയാണ്. പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടു പിടിക്കാനാവുന്ന സ്തനാർബുദം, ഗർഭാശയഗള അർബുദം, വായിലെ അർബുദം എന്നിവ കണ്ടെത്താനുള്ള സൗകര്യം എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ക്രമീകരിക്കാനുള്ള |

നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. എല്ലാ PHC /FHC/ CHC എന്നിവിടങ്ങളിൽ അർബുദ പ്രാരംഭനിർണയ ക്ലിനിക് തുടങ്ങാൻ ആവശ്യമായ പരിശീലനവും സാങ്കേതിക സഹായവും എംസിസി നൽകിവരുന്നു. കൂടാതെ ജീവിതശൈലി രോഗങ്ങളിൽ പ്രധാനമായ അർബുദം മുൻകൂട്ടി പ്രതിരോധിക്കുന്നതിന് മലബാർ കാൻസർ സെന്റർ -പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആൻഡ് റിസർച്ച് ഉത്തരകേരളത്തിലെ ഏഴ് ജില്ലകളിൽ അർബുദ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. കോഴിക്കോട്, കണ്ണൂർ, വയനാട്, മലപ്പുറം, കാസർഗോഡ്, തൃശ്ശൂർ, പാലക്കാട്, പുതുച്ചേരിയിലെ മാഹി, എന്നിങ്ങനെ 8 ജില്ലകളിലായി കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം കാൻസർ ബോധവൽക്കരണ പരിപാടികൾ, സന്നദ്ധ പരിശീലനപരിപാടികൾ, ആരോഗ്യപ്രദർശനങ്ങൾ, സ്കൂൾ അടിസ്ഥാനത്തിലുള്ള പുകയിലവിരുദ്ധ ബോധവൽക്കരണ പരിപാടികൾ എന്നിവയും പതിവായി നടത്തിവരുന്നു. 2011 മുതൽ 2024 മാർച്ച് വരെ ഡിപ്പാർട്ട്മെന്റ് 11447 കാൻസർ സ്ക്രീനിങ് ക്യാമ്പുകളും 719 കാൻസർ ബോധവൽക്കരണ പരിപാടികളും 190 സ്കൂൾ പുകയില വിരുദ്ധ ബോധവൽക്കരണ പരിപാടികളും 285 സന്നദ്ധ പരിശീലന പരിപാടികളും 167 ആരോഗ്യപ്രദർശനങ്ങളും നടത്തിയിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങൾ തുടക്കത്തിൽ തന്നെ കണ്ടെത്തി ചികിത്സിക്കുന്നതിന്റെ ഭാഗമായി കേരള ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യ ദൗത്യവും ചേർന്ന് 'അമൃതം ആരോഗ്യം പദ്ധതി' നടപ്പാക്കി വരുന്നുണ്ട്. ആയതിന്റെ പ്രധാന ലക്ഷ്യം ജീവിതശൈലി രോഗങ്ങൾ വരുന്നത് തടയുക, രോഗങ്ങൾ ഉള്ളവരെ നേരത്തെ തന്നെ കണ്ടെത്തുക, കണ്ടെത്തിയവർക്ക് കൃത്യമായ ചികിത്സ നൽകുക, രോഗം കൊണ്ടുണ്ടാകുന്ന സങ്കീർണ്ണതകൾ തടയുക എന്നിവയാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ജീവിത ശൈലി രോഗങ്ങളുടെ സ്ക്രീനിംഗ് ഫീൽഡ് തലത്തിൽ നടത്തി രോഗികളെ കണ്ടെത്തി, കൃത്യമായ ചികിത്സ നൽകാൻ ഈ പരിപാടി വിഭാവനം ചെയ്യുന്നു.

തൃതീയ തലത്തിലുള്ള മെഡിക്കൽ കോളേജുകളിൽ ജീവിതശൈലി രോഗികളുടെ ചികിത്സയ്ക്കും അവയുടെ സങ്കീർണ്ണതകൾ തടയുന്നതിനും അവ നേരത്തെ കണ്ടെത്തുന്നതിനുമാണ് ഊന്നൽ നൽകുന്നത്. മെഡിക്കൽ കോളേജുകൾ വഴി ജീവിതശൈലി രോഗങ്ങൾ മൂലമുണ്ടാകുന്ന സങ്കീർണ്ണതകളെപ്പറ്റിയും

| | | | |
|---|---|---|---|
| | | | ബോധവത്കരണം നടത്തുന്നുണ്ട്. പ്രമേഹം, രക്താദിസമ്മർദ്ദം എന്നിവ കൊണ്ടുണ്ടാകുന്ന കണ്ണുകളെയും, നാഡികളെയും ബാധിക്കുന്ന സങ്കീർണ്ണതകൾ നേരത്തേ കണ്ടെത്താനും തടയാനുമുള്ള പരിശോധനകളും പ്രമേഹം, രക്താദിസമ്മർദ്ദം എന്നിവ കാരണമുണ്ടാകുന്ന വൃക്കരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനുള്ള രക്തപരിശോധനയും ഹെൽത്ത് ചെക്കപ്പും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ നടത്തി വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി രോഗം കണ്ടെത്തുകയും ചികിത്സ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | 'ശൈലീ' സർവ്വേയുടെ ഒന്നാംഘട്ടത്തിൽ 30 വയസ്സിനുമുകളിൽ പ്രായമുള്ള 154 ലക്ഷം ആൾക്കാരിൽ സർവ്വേ നടത്തുകയുണ്ടായി. സർവ്വേയിൽ 27 ലക്ഷം ആൾക്കാരിൽ ജീവിതശൈലീ രോഗങ്ങളുടെ കാരണങ്ങൾ കണ്ടെത്തുകയുണ്ടായി. 16,53,455 പേർക്ക് രക്താതിമർദ്ദമുള്ളതായും, 13,37,420 പേർക്ക് പ്രമേഹമുള്ളതായും, 6,26,569 പേർക്ക് രക്താതിമർദ്ദവും പ്രമേഹവും ഉള്ളതായും കണ്ടെത്തി. 9 ലക്ഷത്തിലേറെ പേരെ ക്യാൻസർ സ്ക്രീനിങ്ങിന് റഫർ ചെയ്തതിൽ 41,660 പേരെ വദനാർബുദത്തിനും, 7,93,076 പേരെ സ്തനാർബുദത്തിനും, 97,192 പേരെ ഗർഭാശയഗളാർബുദത്തിനുമാണ് റഫർ ചെയ്തത്. ക്യാൻസർ രോഗം വരാൻ സാധ്യതയുള്ള ഹേതുക്കൾ (Risk Factor) ഏതെങ്കിലുമുള്ള ആൾക്കാരെയാണ് ഇപ്രകാരം റഫർ ചെയ്തത്. നേരത്തെ കണ്ടെത്താൻ സാധിക്കുന്നതും കണ്ടെത്തിയാൽ പൂർണ്ണമായും ചികിൽസിച്ച് ഭേദമാക്കാൻ സാധിക്കുന്നതുമായ സ്തനാർബുദം, വദനാർബുദം, ഗർഭാശയഗളാർബുദം എന്നീ രോഗങ്ങളെയാണ് ഈ പദ്ധതിയിലൂടെ പ്രധാനമായും ലക്ഷ്യമിട്ടിരുന്നത്. TB രോഗലക്ഷണങ്ങളോടു കൂടിയ 1,13,033 ആൾക്കാരെയും ശ്വാസകോശ രോഗലക്ഷണങ്ങളോടു കൂടിയ 4,38,469 ആൾക്കാരെയും ഈ സർവ്വേയിലൂടെ കണ്ടെത്തുകയുണ്ടായി. കൂടാതെ ജനറൽ മെഡിസിൻ, കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, എൻഡോക്രൈനോളജി മുതലായ വകുപ്പുകൾ വഴി ജീവിതശൈലി രോഗങ്ങളായ പ്രമേഹം, രക്താദിസമ്മർദ്ദം, പൊണ്ണത്തടി, ഹൃദയാഘാതം, സ്ട്രോക്ക്, കിഡ്നി ഡിസീസ് എന്നിവയുടെ ചികിത്സ രോഗികൾക്ക് ഉറപ്പാക്കിയിട്ടുണ്ട്. പ്രമേഹത്തിന്റെ സങ്കീർണ്ണമായ ഡയബറ്റിക് റെറ്റിനോപ്പതി കണ്ടെത്താനും അതു ചികിത്സിക്കാനുമുള്ള സൗകര്യം ഓഫ്ത്താൽമോളജി വിഭാഗം മുഖേന ഒരുക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആർദ്രം പദ്ധതി വഴിയും, കാൻസർ കൺട്രോൾ സ്ട്രാറ്റജി വഴിയും റഫർ ചെയ്ത രോഗികളെ റേഡിയോ തെറാപ്പി വകുപ്പിൽ കാൻസറിന് ചികിത്സിക്കുന്നു. ടി ഡിപ്പാർട്ട്മെന്റിൽ കീമോതെറാപ്പി, റേഡിയേഷൻ ട്രീറ്റ്മെന്റ് എന്നിവയും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ